LIBRARY ARCHIVES Kerala Legislative Assembly

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

(ബി) സംസ്ഥാനത്ത് കൂടുതൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പരിഗണിക്കുന്നതെന്നും അറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അതുയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം പദ്ധതി പ്രകാരം ഉള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ ചാർജ് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ വിതരണ പോളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 10 ചാർജ്ജിംഗ് സ്റ്റേഷനുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നു.

വൈദ്യുതി കണക്ഷന് വനം വകുപ്പിന്റെ അനുമതി

225 (610) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം എത്ര പേർക്കാണ് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരിക്കുന്നത്; പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ നിയമാനുസൃതമായ അനുമതി ലഭിക്കാത്തതുകാരണം നിലവിൽ 7 പേർക്കാണ് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരിക്കുന്നത്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പെരിങ്ങമ്മല പഞ്ചായത്ത് - 5 എണ്ണം,

നന്ദിയോട് പഞ്ചായത്ത് - 2 എണ്ണം.